(ബി) പ്രസ്തുത സ്ഥാപനത്തിന് സ്ഥലം ലഭ്യമാക്കിയ വ്യക്തിയുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ വിശദമാക്കുമോ;

(സി) സ്ഥലം ഉടമ നിർദ്ദേശിക്കുന്ന ഒരാൾക്ക് സ്ഥാപനത്തിൽ ജോലി വാഗ്ദാനം ചെയ്തിരുന്നോ; ഇതുപ്രകാരം ആർക്കെങ്കിലും നിയമനം നൽകിയിരുന്നോ; നൽകിയെങ്കിൽ നിയമിക്കപ്പെട്ട വ്യക്തിയുടെ പേര് വെളിപ്പെടുത്തുമോ;

(ഡി) കരാർ പ്രകാരം ജോലി നൽകിയ ആളെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഏതെങ്കിലും കാലയളവിൽ ഇയാളെ ജോലിയിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ടോ;

(ഇ) സ്ഥലം ഉടമ നിർദ്ദേശിച്ച അവകാശിക്ക് കരാർപ്രകാരം സ്ഥിരനിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് സ്ഥിതിചെയ്യുന്ന ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ വാഷിംഗ് സോപ്പ്, നോട്ട് ബുക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും കൈക്കടലാസ് നിർമ്മാണ പരിശീലനം നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ബി) സ്ഥലം ലഭ്യമാക്കിയ വ്യക്തിയുമായി പ്രത്യേക കരാറൊന്നും ഉണ്ടാക്കിയിട്ടില്ല.

(സി) ഇല്ല. എന്നിരുന്നാലും കിഴക്കമ്പലം ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ അത്യാവശ്യം വേണ്ട കരാർ നിയമനം നടത്തിയപ്പോൾ സ്ഥലം ദാനമായി നൽകിയ ശ്രീ. രാമൻ നമ്പൂതിരിയുടെ മകൻ ശ്രീ. പ്രദീപ്കുമാറിന് മാനുഷിക പരിഗണനയിൽ കരാർ വ്യവസ്ഥയിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. കരാർ വ്യവസ്ഥ പ്രകാരമുള്ള കാലാവധി തീരുന്നമുറയ്ക്ക് പിരിച്ചു വിടുകയും ആവശ്യാനുസരണം അടുത്ത കാലാവധി നിശ്ചയിച്ച് ജോലി നൽകി വരുകയുമാണ് ചെയ്യുന്നത്.

(ഇ) സ്ഥലം ഉടമ നിർദ്ദേശിച്ച അവകാശിക്ക് സ്ഥിരനിയമനം നൽകാൻ കരാർ ഉണ്ടാക്കിയിട്ടില്ല. കരാർ നിയമനക്കാരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥയില്ല. കിഴക്കമ്പലം ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ സ്ഥിരനിയമനം നൽകാൻ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടില്ല. യൂണിറ്റിന്റെ ട്രേഡിംഗ് ഫണ്ടിൽനിന്നും വേതനം നൽകാവുന്ന താൽക്കാലിക തസ്തിക മാത്രമേ നിലവിലുള്ളൂ. ആയതിനാൽ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരുടെ നിയമന കാലാവധി തീരുന്ന മുറയ്ക്ക് ആവശ്യാനുസരണം കാലാവധി പുതുക്കി നിശ്ചയിച്ച് ജോലി നൽകിവരുന്നു.

ജവഹർ ബാലഭവനിൽ ഖാദി ബോർഡ് സംഘടിപ്പിച്ച ഓണം മേളകൾ

170 [5315] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജവഹർ ബാലഭവനിൽ ഖാദി ബോർഡ് സംഘടിപ്പിച്ച ഓണം മേളകളും മറ്റ് എക്സിബിഷനുകളും ലാഭമാണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തെ ഇതുസംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേള സംഘടിപ്പിക്കുന്നതിനുള്ള ചെലവും വരവും തമ്മിൽ വലിയ വ്യത്യാസം ഉണ്ടെങ്കിൽ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് പുനഃരാലോചിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഖാദി ബോർഡ് സംഘടിപ്പിക്കുന്ന ഇത്തരം മേളകൾക്കും എക്സിബിഷനും ഖാദി കമ്മിഷന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എല്ലാ മേളകളും എക്സിബിഷനുകളും ലാഭനഷ്ടം നോക്കി സംഘടിപ്പിക്കുക പ്രായോഗികമല്ല. ഖാദിയുടേയും ഖാദി ഉൽപ്പന്നങ്ങളുടേയും പ്രചാരണാർത്ഥം സംഘടിപ്പിക്കുന്ന മേളകളും എക്സിബിഷനുകളും ഉണ്ട്. എങ്കിലും പൊതുവേ ഈ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5194-ന്റെയും, 5237-ന്റെയും ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

II. അടിയന്തിരപ്രമേയം

ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലുണ്ടായ ഗുണ്ടാ ആക്രമണം

മി. സ്പീക്കർ: ആലപ്പുഴ ജില്ലയിലെ പുന്നപ്ര തകഴിയിൽ ഇന്നലെ രാവിലെ അമ്പതോളം വരുന്ന ബി.ജെ.പി., ആർ.എസ്.എസ്. ക്രിമിനൽ സംഘം മാരകായുധങ്ങളുമായി ആറോളം വീടുകൾ തല്ലിത്തകർത്ത് കൊള്ളയടിക്കുകയും സി.പി.എം. ലോക്കൽ കമ്മിറ്റി സെക്രട്ടറി ഉൾപ്പെടെ മൂന്നു പേരെ വെട്ടിപ്പരിക്കേൽപ്പിക്കുകയും ചെയ്തിരിക്കുന്നു. സംഭവത്തെത്തുടർന്ന് ആ പ്രദേശത്ത് സംജാതമായിരിക്കുന്ന സംഘർഷാവസ്ഥയും അതീവഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ടി. കെ. ദേവകുമാർ, കെ. പി. രാജേന്ദ്രൻ, എ.എ. അസീസ്, സി. കെ. നാണു, പി. സി. ജോർജ്ജ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 A.M.]

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ആലപ്പുഴ പറവൂർ വില്ലേജ് ഓഫീസിനടുത്തുവച്ച് സി.പി.ഐ. (എം) പറവൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശ്രീ. മോഹനനെ 2003 ആഗസ്റ്റ് മാസം 2-ാം തീയതി രാത്രി പത്തുമണിയോടെ ഏതാനും ബി.ജെ.പി. അനുഭാവികൾ വെട്ടിപ്പരിക്കേൽപ്പിച്ചു. അതിൽ പ്രതിഷേധിച്ച് 4-8-2003-ന് സി.പി.എം.-ന്റെ ആഹ്വാന പ്രകാരം ഹർത്താൽ ആചരിക്കുകയും രാത്രി 9 മണിയോടെ ആർ.എസ്.എസ്.

LIBRARY ARCHIVES Kerala Legislative Assembly